"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി.എ.ഡി.എസ് - തിരുവനന്തപുരം ജില്ല - വർക്കല നിയോജക മണ്ഡലത്തിലെ വെട്ടൂർ ജി.എച്ച്.എസ്.എസ്, പകൽക്കുറി ജി.എച്ച്.എസ്.എസ്, പള്ളിക്കൽ ജി.എച്ച്.എസ്.എസ്, മടവൂർ സി.എൻ.പി.എസ്.ജി.എൽ.പി.എസ് എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തികരിക്കുന്നതിന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.4146/2023/GEDN തീയതി,തിരുവനന്തപുരം, 15-07-2023

---

പരാമർശം:-

1. സ.ഉ(പി) 178/16/ധന തീയതി, 09/12/2016
2. സ.ഉ(സാധാ) 1648/19/ധന തീയതി, 05/03/2019
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24/12/2022 ലെ ഡി 1/3839/22 നമ്പർ ഉത്തരവ്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/02/2023,12/5/23 തിയതികളിലെ ബി2/3131/2023/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

വർക്കല നിയോജക മണ്ഡലത്തിലെ വെട്ടൂർ ഗവ.എച്ച്.എസ്.എസ്, പകൽക്കുറി ഗവ.എച്ച്.എസ്.എസ്, പള്ളിക്കൽ ഗവ.എച്ച്.എസ്.എസ്, മടവൂർ സി.എൻ.പി.എസ്.ഗവ.എൽ.പി.എസ് എന്നീ സ്കൂളുകൾക്ക് നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ (2022-23) നിന്നും 53,75,000/- രൂപ വിനിയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ ബസ് വാങ്ങുന്നതിനായി പ്രസ്തുത തുക "4202-01-800-84 - Projects under LAC ADS - Other Projects (NP)" എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും ആവശ്യപ്പെട്ട് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തു. പരാമർശം (2) പ്രകാരം 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ മേൽ ശീർഷകത്തിലെ ഡ്രോയിംഗ് & ഡിസ്ബേർസിങ്ങ് ആഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വർക്കല നിയോജക മണ്ഡലത്തിലെ വെട്ടൂർ ഗവ.എച്ച്.എസ്.എസ്, പകൽക്കുറി ഗവ.എച്ച്.എസ്.എസ്, പള്ളിക്കൽ ഗവ.എച്ച്.എസ്.എസ്, മടവൂർ സി.എൻ.പി.എസ്.ഗവ.എൽ.പി.എസ് എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിനാവശ്യമായ 53,75,000/- (അൻപത്തിമൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപ നടപ്പുസാമ്പത്തിക വർഷം "4202-01-800-84 - Projects under LAC ADS - Other Projects (NP)"എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ, പരാമർശം (3) ഉത്തരവിലെ

നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തിരുവനന്തപുരം ജില്ലാവിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്), തിരുവനന്തപുരം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Namitha T
Date: 19-07-2023 12:59:25